"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനിയറിംഗ് വിഭാഗം - ഇടുക്കി ജില്ല-കാമാക്ഷി ഗ്രാമ പഞ്ചായത്തിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ ഉപ്പുതോട് കരിക്കിൻമേട് റോഡ് നിർമ്മാണത്തിലെ ക്രമക്കേട്- ഉദ്യോഗസ്ഥർക്കെതിരായ അച്ചടക്കനടപടി - KSRs ചട്ടങ്ങളിലെ ചട്ടം 3 (a) പ്രകാരമുള്ള ഔപചാരിക അന്വേഷണം- അന്വേഷണ ഉദ്യോഗസ്ഥനെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (EWA) വകുപ്പ്**

സ.ഉ.(സാധാ) നം.1751/2025/LSGD തീയതി,തിരുവനന്തപുരം, 15-07-2025

---

പരാമർശം:-

1. 10.7.2018-ലെ പൊതുമരാമത്ത് (എഫ്) വകുപ്പിൽ നിന്നുള്ള പൊ.മ.വ-എഫ്1/193/2018/പൊമവ നമ്പർ കത്ത്.
2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 31.05.2019,23.10.2020 തീയതികളിലെ ഇ11-8384/18/സിഇ/തസ്വഭവ നം. കത്ത്.
3. 14.05.2021-ലെ 10/ഇഡബ്ല്യു4/2018/തസ്വഭവ നം. കുറ്റപത്രം
4. ശ്രീ. ആർ. സോമരാജൻ സമർപ്പിച്ച മറുപടി.
5. 10.03.2023 ലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
6. ശ്രീ.പി.ബി.പ്രമോദ് സമർപ്പിച്ച 25.04.2024-ലെ മറുപടി.
7. ശ്രീ.ആർ. സോമരാജൻ സമർപ്പിച്ച 07.05.2024-ലെ മറുപടി പത്രിക.

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലയിലെ കാമാക്ഷി ഗ്രാമപഞ്ചായത്തിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ ഉപ്പുതോട് കരിക്കിൻമേട് റോഡ്(പെരുമ്പള്ളിപ്പടി - കരിക്കിൻ മേട് - അമ്പലപ്പടി റോഡ് ) നിർമ്മാണത്തിൽ കണ്ടെത്തിയ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് (എഫ്) വകുപ്പിൽ നിന്ന് പരാമർശം 1 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥനെതിരെ KSR ചട്ടങ്ങളിലെ ചട്ടം 3(a) പ്രകാരം അച്ചടക്കനടപടി സ്വീകരിക്കാൻ തീരുമാനിക്കുകയും ആയത് പ്രകാരം അസി.എക്സി. എഞ്ചിനിയറായി സേവനത്തിൽനിന്ന്വിരമിച്ച ശ്രീ. ആർ. സോമരാജനെതിരെ പരാമർശം 5 പ്രകാരം കാരണംകാണിക്കൽ നോട്ടീസ് ലഭ്യമാക്കുകയും ചെയ്തിരുന്നു. കുറ്റാരോപിതൻ പരാമർശം 7 പ്രകാരം സമർപ്പിച്ച മറുപടിയിൽ ആരോപണങ്ങൾ നിഷേധിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, ഇടുക്കി ജില്ലയിലെ കാമാക്ഷി ഗ്രാമപഞ്ചായത്തിൽ നബാർഡ്

ഫണ്ട് ഉപയോഗിച്ച് ഇടുക്കിബ്ലോക്ക്പഞ്ചായത്ത് നടപ്പാക്കിയ ഉപ്പുതോട്-കരിക്കിൻമേട്റോഡ്നിർമ്മാണത്തിൽ കണ്ടെത്തിയ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് അസി.എക്സി.എഞ്ചിനിയറായി സേവനത്തിൽ നിന്ന് വിരമിച്ച ശ്രീ.ആർ.സോമരാജനെതിരെ KSR ചട്ടങ്ങളിലെ ചട്ടം 3(a) പ്രകാരം ആരംഭിച്ച അച്ചടക്കനടപടിയുടെ ഭാഗമായുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിന് ഇടുക്കി ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.നിസ്സാർ എ.(PEN No.689478)-യെ ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥനായി നിയോഗിച്ച് ഉത്തരവാകുന്നു.

അന്വേഷണ ഉദ്യോഗസ്ഥൻ ഔപചാരിക അന്വേഷണത്തിന്റെ എല്ലാ നടപടി ക്രമങ്ങളും പാലിച്ച് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. സേവനത്തിൽ നിന്നും വിരമിച്ച അസി.എഞ്ചിനീയർ ശ്രീ.പി.ബി.പ്രമോദിന്റെ പങ്ക് കൂടി പരിശോധിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLEY
അണ്ടർ സെക്രട്ടറി

1. ശ്രീ.നിസ്സാർ എ.- (PEN No.689478), എക്സിക്യൂട്ടീവ് എഞ്ചിനിയർ, ഇടുക്കി. (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം) (പരാമർശ രേഖകളുടെ പകർപ്പുകൾ ഉൾപ്പെടെ).
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3.ശ്രീ.സോമരാജൻ, അസി.എക്സി.എഞ്ചിനിയർ (റിട്ട) (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം).
4.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ.
5. വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്
6.സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 16-07-2025 11:09:40
സെക്ഷൻ ഓഫീസർ